# കോളജിനു ഹരിതാഭ പകർന്ന നായകന് ഇന്നു പടിയിറക്കം

മാവേലിക്കര: കലാലയത്തെ ഹരിതാഭമാക്കി പുരസ്കാര വിജയത്തിന്റെ പാതയിലേക്കു നയിച്ച പ്രിൻസിപ്പൽ ഇന്നു പടിയിറങ്ങുന്നു. മഴവെള്ളക്കൊയ്ത്തു നടത്തി ലോക ശ്രദ്ധനേടിയ മാവേലിക്കര ബിഷപ് മൂർ കോളജിന്റെ പ്രിൻസിപ്പൽ ഡോ.മാത്യു കോശി പുന്നയ്ക്കാട് 33 വർഷത്തെ സേവനത്തിനുശേഷമാണ് വിരമിക്കുന്നത്.

ക്യാംപസിലെ ജല ദൗർലഭ്യം ഇല്ലാതാക്കാൻ മേൽക്കൂരയിൽ വീഴുന്ന വെള്ളം സംഭരിച്ചു കടുത്ത വേനലിലും കലാലയത്തെ ജലസുലഭമാക്കിയാണു മാത്യു കോശി പ്രിൻസിപ്പലായി തുടങ്ങിയത്. കലാലയത്തിനു ചുറ്റും രാമച്ചം വച്ചു പിടിപ്പിച്ചതോടെ ആഗോള താപനത്തിനെതിരായുള്ള ഫലപ്രദമായ പ്രാദേശിക പ്രതികരണമായി അതു മാറി.

സൗരോർജം ഉപയോഗിച്ചു കോളജിലും ഹോസ്റ്റലിലും വിളക്കുകൾ പ്രകാശിപ്പിച്ചും പരിസ്ഥിതി സന്ദേശവുമായി വിദ്യാർഥികൾ 10000 വീടുകൾ രണ്ടു തവണ സന്ദർശിച്ചും ശ്രദ്ധനേടി.

പ്രകൃതിയോടിണങ്ങുന്ന പ്രവർത്തനങ്ങൾ കലാലയത്തിൽ നടന്നപ്പോൾ അതിനെല്ലാം മുൻനിരയിൽ പ്രിൻസിപ്പൽ ഉണ്ടായിരുന്നു.



ഡോ. മാത്യു കോശി പുന്നയ്ക്കാട്.

മഴവെള്ളക്കൊയ്ത്തിലൂടെ കൈവരിച്ച നേട്ടങ്ങൾക്കു മലയാള മനോരമയുടെ പലതുള്ളി പുരസ്കാരം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ കോളജിനെ തേടിയെത്തി. ബോട്ടണി വിഭാഗത്തിന്റെ സഹകരണത്തോടെ മാത്യു കോശി പുറത്തിറക്കിയ 'എ ഗ്രീൻ ക്യാംപസ്' എന്ന കൈപ്പുസ്തകം ചെടികളെ പ്രണയിക്കുന്ന ഏതൊരു വ്യക്തിക്കും നിധിശേഖരമാണ്. കോളജ് വളപ്പിലെ മുഴുവൻ വൃക്ഷലതാദികളുടെ ചിത്രങ്ങൾ സഹിതം അവയുടെ ശാസ്ത്രീയ നാമം, പൊതു നാമം, സസ്യ കുടുംബം, ഉപയോഗം എന്നിവയാണു പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മാത്യു കോശിയെ കൂടാതെ വൈസ് പ്രിൻസിപ്പൽ ജേക്കബ് മാത്യു, പ്രഫ. ലാലി മേരി വർഗീസ്, പ്രഫ.എ.ജി.തോമസ്, സി.ടി.സ്കറിയ എന്നിവർക്കും ഇന്നു 10.30നു കോളജിൽ യാത്രയയപ്പ് നൽകും. സിഎസ്ഐ ബിഷപ് തോമസ് കെ.ഉമ്മൻ അധ്യക്ഷത വഹിക്കും.